A1/135/2025-CLAD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**സാംസ്കാരിക കാര്യ വകുപ്പ് - കേരള ലളിത കലാ അക്കാദമിക്ക് 2025-26 സാമ്പത്തിക വർഷത്തെ പദ്ധതിവിഹിതത്തിൽ നിന്നും ഒന്നാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.330/2025/CLAD                                    തീയതി,തിരുവനന്തപുരം, 11-06-2025

---

പരാമർശം:- 1. സ.ഉ.(സാധാ)നം.290/2025/സാം.കാ.വ തീയതി 20.05.2025

2. കേരള ലളിതകലാ അക്കാദമി സെക്രട്ടറിയുടെ 04.04.2025 ലെ KLK.B 364/2025 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള ലളിത കലാ അക്കാദമിക്ക് 2025-26 സാമ്പത്തിക വർഷം പദ്ധതി വിഹിതമായി "2205-00-102-91-36 (പ്ലാൻ)" എന്ന ശീർഷകത്തിൽ 5,75,00,000/- രൂപ (അഞ്ചു കോടി എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പരാമർശ ഉത്തരവ് പ്രകാരം, കേരള ലളിത കലാ അക്കാദമിയുടെ 2025-26 സാമ്പത്തിക വർഷത്തെ വിവിധ പദ്ധതി പ്രവർത്തനങ്ങൾ, പദ്ധതിച്ചെലവ് 5,50,00,000/- രൂപയായി നിജപ്പെടുത്തിക്കൊണ്ട് നിർവഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവായിരുന്നു. പദ്ധതി വിഹിതത്തിൽ നിന്നും ആദ്യ ഗഡു അനുവദിക്കണമെന്ന് പരാമർശ കത്ത് പ്രകാരം കേരള ലളിത കലാ അക്കാദമി സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭരണാനുമതി ഉത്തരവ് പ്രകാരമുള്ള ഘടകങ്ങൾക്ക് മാത്രമേ തുക വിനിയോഗിക്കാവൂ എന്ന നിബന്ധനയ്ക്ക് വിധേയമായി, കേരള ലളിത കലാ അക്കാദമിക്ക് 2025-26 സാമ്പത്തിക വർഷം "2205-00-102-91-36 (പ്ലാൻ)" എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും 110,00,000/- രൂപ (നൂറ്റിപ്പത്ത് ലക്ഷം രൂപ മാത്രം) ആദ്യ ഗഡുവായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത തുക കേരള ലളിത കലാ അക്കാദമിയുടെ തൃശ്ശൂർ ജില്ലാ ട്രഷറിയിലുള്ള

799012700000265 എന്ന പി.എസ്.റ്റി.എസ്.ബി. അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ റിലീസ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, കേരള ലളിതകലാ അക്കാദമി, തൃശ്ശൂർ

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി ഒ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

ധനകാര്യവകുപ്പ് (E 3163336) EDN-C3/122/2025-FIN dated 02.06.2025)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sheeba K P

Date: 12-06-2025 11:15:18

സെക്ഷൻ ഓഫീസർ